**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **12-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | 2016 മുതൽ 2022 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ വരുന്ന നഴ്സറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഫീഡിങ്ങ് ചാർജ്ജും, ലംസംഗ്രാന്റും, പ്രൈമറി തലം മുതൽ പോസ്റ്റ് മെട്രിക് തലം വരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റ്, സ്റ്റൈപ്പെന്റ് മുതലായവയും അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സുവരെ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡും അനുവദിച്ചിട്ടുണ്ട്. വിവിധ വാർഷിക പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന പദ്ധതി പ്രകാരം ക്യാഷ് അവാർഡുകളും 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സുവരെ അയ്യങ്കാളി ടാലെന്റ് സെർച്ച് സ്കോളർഷിപ്പും അനുവദിച്ച് നൽകിയിട്ടുണ്ട്. വിദ്യാലയ വികാസ് നിധി പദ്ധതി പ്രകാരം കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകി വരുന്നുണ്ട്. പാരലൽ കോളേജുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കും റൂട്രോണിക്സിന്റെ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും പ്രസ്തുത കാലയളവിൽ വകുപ്പിൽ നിന്നും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ പോസ്റ്റ മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതി പ്രകാരവും ഗവൺമെന്റ് ഓഫ് കേരള പദ്ധതി പ്രകാരവും ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. +1, +2 പഠനത്തോടൊപ്പം എൻട്രൻസ് കോച്ചിങ്ങിനായിട്ടുള്ള വിഷൻ പദ്ധതിയും പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ